➪ *ആണവ നയങ്ങളെ ചോദ്യം ചെയ്യുകയാണെങ്കിൽ അവർ നിങ്ങളെ മാവോയിസ്റ്റുകളാക്കും* ➪

RIGHT TO DISSENT
വിസമ്മതങ്ങളുടെ കൂടിച്ചേരൽ

# ഞങ്ങൾ സംസാരിക്കുന്നത് വ്യത്യസ്തമായ വികസനത്തെക്കുറിച്ച്

കാർഷികമേഖലയിൽ ഊന്നൽ നൽകുന്നതിന് പകരം, ഭക്ഷ്യസുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിന് പകരം നമ്മുടെ പ്രകൃതി വിഭവങ്ങൾ കുഴിച്ചെടുത്ത് കടന്നുകളയാൻ കോർപ്പറേറ്റുകൾക്ക് അവസരമുണ്ടാക്കിക്കൊടുക്കുകയാണ് ഭരണകൂടം ചെയ്യുന്നത്. ഇതിനെയാണ് നാം ചോദ്യം ചെയ്യുന്നത്. എന്താണ് നിങ്ങളുടെ മുൻഗണന? എന്താണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്?

**ഡോ. എസ്.പി. ഉദയകുമാർ**

**ദേശരാഷ്ട്രത്തെ** സംബന്ധിച്ച എന്റെ ബോധ്യത്തിൽ നിന്ന് ആരംഭിക്കാം എന്ന് തോന്നുന്നു. രാഷ്ട്രത്തിന് നാല് മൂലകളുണ്ട്. അതിലൊന്ന് രാഷ്ട്രം അഥവാ ജനങ്ങൾ തന്നെയാണ്. ജനങ്ങളില്ലാതെ രാഷ്ട്രത്തിന് നിലനിൽപില്ല. രണ്ടാമത്തെ മൂലയെന്നത് നേതാക്കളാണ്. ജനങ്ങളെ നയിക്കാൻ നേതാക്കളെ ആവശ്യമാണ്. മൂന്നാമത്തേത് വിഭവങ്ങളാണ്. പണം അല്ലെങ്കിൽ സമ്പദ്‌വ്യവസ്ഥ. നാലാമത്തെ മൂലയെന്നത് നേരത്തെ സൂചിപ്പിച്ച മൂന്ന് മൂലകളും ചേർന്ന അന്താരാഷ്ട്ര സമൂഹമാണ്. ഈ നാല് മൂലകളും ചേർന്നാണ് ഒരു ദേശരാഷ്ട്രം രൂപംകൊള്ളുന്നത്.

എന്നാലിന്ന് ഉദാര സാമ്പത്തിക നയങ്ങളുടെയും കോർപ്പറേറ്റ് ആധിപത്യത്തിന്റെയും ഫലമായി ജനങ്ങൾക്ക് അവരുടെ പ്രാധാന്യം നഷ്ടപ്പെട്ടിരിക്കുകയാണ്. സമ്പദ്‌വ്യവസ്ഥ കോർപ്പറേറ്റുകളുടെയും വലിയ വ്യവസായ ഗ്രൂപ്പുകളുടെയും താൽപ്പര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദേശരാഷ്ട്രത്തിന്റെ അടിത്തറയായി ഇവ മാറിയിരിക്കുന്നു. ജനങ്ങളുടെ ഇച്ഛകളെയല്ല ഇന്ന് രാഷ്ട്രം പ്രതിനിധാനം ചെയ്യുന്നത്; മറിച്ച്, നേരത്തെ സൂചിപ്പിച്ച കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ താൽപര്യങ്ങളെയാണ്. രാഷ്ട്രീയ നേതൃത്വവും കോർപ്പറേറ്റ് സംവിധാനങ്ങളും ഒരുമയോടെ പ്രവർത്തിക്കുകയും ജനങ്ങളെ ഒട്ടും പ്രാധാന്യമില്ലാത്ത തലത്തിലേക്ക് മാറ്റിത്തീർക്കുകയും ചെയ്തിരിക്കുന്നു. ഇക്കൂട്ടരുടെ ഏതെങ്കിലും പദ്ധതിയെ നിങ്ങൾ എതിർക്കുകയാണെങ്കിൽ, നിങ്ങൾ ആണവ പദ്ധതിയെ എതിർക്കുകയാണെങ്കിൽ, ആണവ നയങ്ങളെ നിങ്ങൾ ചോദ്യം ചെയ്യുകയാണെങ്കിൽ അവർ നിങ്ങളെ മാവോയിസ്റ്റുകളെന്നും തമിഴ് പുലികളെന്നും അമേരിക്കൻ ചാരനെന്നും ദേശദ്രോഹിയെന്നും മുദ്രകുത്തും. അവർ നിങ്ങളെ തുരത്താൻ ശ്രമിക്കും. അതാണിപ്പോൾ യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

നാം അവരുടെ വികസന നയത്തെ ചോദ്യം ചെയ്യുകയാണ്. എന്താണ് വികസനം? അംബാനിയുടെയും അഡാനിയുടെയും വികസനം നമ്മുടെ കർഷകരുടെ വികസനമാകാൻ തരമില്ല. അത് നമ്മുടെ മത്സ്യത്തൊഴിലാളികളുടെയോ, ചെറുകിട കച്ചവടക്കാരുടെയോ നെയ്ത്തുകാരുടെയോ, കുട്ടികളുടെയോ, സ്ത്രീകളുടെയോ ആദിവാസി-ഗോത്രവർഗ്ഗക്കാരുടെയോ വികസനമല്ല. രണ്ട് ലളിതമായ ചോദ്യങ്ങ

ളാണ് നാം ഉന്നയിക്കുന്നത്. ആരുടെ വികസനം? എന്തുതരത്തിലുള്ള വികസനം? ഈ രണ്ട് ലളിത ചോദ്യങ്ങളും ഇന്ത്യയിലെ ഭരണവർഗ്ഗ വിഭാഗങ്ങളെ അലോസരപ്പെടുത്തുന്ന ചോദ്യങ്ങളായി അവർ പരിഗണിക്കുന്നു. അവരുടെ പദ്ധതികളെ, നയങ്ങളെ നിങ്ങൾ ചോദ്യം ചെയ്താൽ നാല് തരത്തിലുള്ള തന്ത്രങ്ങളിലൂടെയാണ് അവർ അതിനെ നേരിടുക. ആദ്യം അത്തരം ചോദ്യങ്ങളെ അവർ അവഗണിക്കാൻ ശ്രമിക്കും. നിങ്ങൾ നിങ്ങളുടെ വിസമ്മതത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ അവർ നിങ്ങളെ ബ്രാൻഡ് ചെയ്യാൻ ശ്രമിക്കും. അമേരിക്കൻ ചാരനെന്നും വിദേശഫണ്ടിന് വേണ്ടിയാണ് നിങ്ങൾ പ്രവർത്തിക്കുന്നതെന്നും ഇന്ത്യയുടെ വികസനത്തെ തുരങ്കം വെക്കാനാണ് നിങ്ങൾ ശ്രമിക്കുന്നതെന്നും അവർ പറയും. കൂടങ്കുളത്ത് ഞങ്ങൾ നേരിടുന്നതും അത്തരത്തിലുള്ള ആരോപണങ്ങളാണ്. അപ്പോഴും നിങ്ങൾ നിങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ അവർ നിങ്ങളെ ഭീഷണിപ്പെടുത്താൻ ആരംഭിക്കും. അവർ അവരുടെ ഭരണാധികാരം ഉപയോഗിച്ച് ഭീഷണിപ്പെടുത്തുകയും ശാരീരികമായി ആക്രമിക്കുകയും ചെയ്യും. കൂടങ്കുളത്ത് അവർ ഞങ്ങളുടെ പാസ്പോർട്ട് കണ്ടുകെട്ടി. കള്ളക്കേസുകൾ ചുമത്തി. 380 ഓളം കേസുകളാണ് ഞങ്ങളുടെ മേൽ ചുമത്തിയിരിക്കുന്നത്. സുപ്രീം കോടതി ഇടപെട്ട് 240 കേസുകൾ പിൻവലിക്കുകയുണ്ടായി. ഇപ്പോഴും 140കേസുകൾ നിലനിൽക്കുന്നു. അതിൽ തന്നെയും 20 കേസുകൾ രാജ്യദ്രോഹവുമായി ബന്ധപ്പെട്ടതും 20 കേസുകൾ രാജ്യത്തിനെതിരായി യുദ്ധത്തിലേർപ്പെട്ടതുമായി ബന്ധപ്പെട്ടവയാണ്. ഞങ്ങൾ കേസുകളുമായി വക്കീലാപ്പീസുകളും കോടതികളും പോലീസ് സ്റ്റേഷനുകളും കയറിയിറങ്ങുകയാണ്. നിങ്ങളുടെ ശ്രദ്ധ യഥാർത്ഥ വിഷയത്തിൽ നിന്ന് തിരിക്കുക എന്നതാണ് ഇതിന്റെ പിറകിലെ ഉദ്ദേശം. നിങ്ങളെ കേസുകളിൽ കുരുക്കി നിർത്തുക. ഭീഷണിപ്പെടുത്തുക, ഉപദ്രവിക്കുക. നിങ്ങൾ നിങ്ങളുടെ ആവശ്യത്തിൽ തന്നെ ഉറച്ചുനിൽക്കുക തന്നെയാണ് ചെയ്യുന്നതെന്ന് ഉറപ്പായിക്കഴിഞ്ഞാൽ നിങ്ങളെ ശാരീരികമായി തളർത്തുക എന്ന ലക്ഷ്യം അവർ നിറവേറ്റാൻ ശ്രമിക്കും.

ജനസാന്ദ്രത കൂടിയ ഇന്ത്യയിൽ ആണവ നിലയം പാടില്ലെന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങൾ വൈദ്യുതിക്കെതിരാണെന്ന് അവർ പറയും. ഞങ്ങൾ വൈദ്യുതിക്കോ വികസനത്തിനോ എതിരല്ല. വളരെ ലളിതമായി പറഞ്ഞാൽ ഇത്രയും ജനസാന്ദ്രത നിലനിൽക്കുന്ന ഒരു രാജ്യത്തിന് ചെർണ്ണോബിലോ ഫുക്കുഷിമയോ പോലുള്ള അപകടം താങ്ങാൻ കഴിയില്ല. ഉപയോഗിച്ച ആണവ ഇന്ധനം സൂക്ഷിക്കാൻ ഭൂഗർഭ സംവിധാനം ഉണ്ടാക്കുവാനുള്ള സാങ്കേതികവിദ്യ തങ്ങളുടെ പക്കലില്ലെന്ന് ആണവ വകുപ്പ് സുപ്രീം കോടതിയിൽ സമ്മതിക്കുകയുണ്ടായി. അത്തരമൊരു സാങ്കേതികവിദ്യ രൂപപ്പെടുത്തിയെടുക്കാൻ തങ്ങൾക്ക് അഞ്ച് വർഷം കൂടി വേണമെന്ന് അവർ പറയുന്നു. നമുക്ക് തന്നെ നിശ്ചയമില്ലാത്ത ഒരു സാങ്കേതികവിദ്യയുമായി തുടരാൻ സാധ്യമല്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഇക്കാര്യം പറയുമ്പോൾ അധികാരവും കോർപ്പറേറ്റ് സംവിധാനങ്ങളും നമ്മെ അപകടകാരികളായി കണക്കാക്കുന്നു.

ലളിത് മോദിയെയും വിജയ് മല്യയെയും നീരവ് മോദിയെയും പോലുള്ളവർ രാജ്യത്തെ ചതിച്ച് രാജ്യം വിടുമ്പോൾ സാധാരണക്കാർക്ക് വേണ്ടി ശബ്ദമുയർത്തുന്നവരെ രാജ്യദ്രോഹികളും അമേരിക്കൻ ചാരന്മാരുമായി മുദ്രകുത്താൻ സർക്കുകളോടൊപ്പം അർണാബ് ഗോസ്വാമിയെപ്പോലുള്ള പത്രപ്രവർത്തകരും പണിയെടുക്കുന്നു. ഞങ്ങൾ രാജ്യദ്രോഹികളല്ല. ഞങ്ങൾ ഞങ്ങളുടെ രാജ്യത്തെ സ്നേഹിക്കുന്നു. വളരെ വ്യത്യസ്തമായൊരു വികസനത്തെക്കുറിച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്. അത് തീർച്ചയായും കോർപ്പറേറ്റുകളുടെ വികസനമല്ല. എന്താണ് പ്രശ്നമെന്ന് നമ്മുടെ മത്സ്യത്തൊഴിലാളികൾക്കറിയാം. കർഷകർക്കും

ലളിത് മോദിയെയും വിജയ് മല്യയെയും നീരവ് മോദിയെയും പോലുള്ളവർ രാജ്യത്തെ ചതിച്ച് രാജ്യം വിടുമ്പോൾ സാധാരണക്കാർക്ക് വേണ്ടി ശബ്ദമുയർത്തുന്നവരെ രാജ്യദ്രോഹികളും അമേരിക്കൻ ചാരന്മാരുമായി മുദ്രകുത്താൻ സർക്കുകളോടൊപ്പം അർണാബ് ഗോസ്വാമിയെപ്പോലുള്ള പത്രപ്രവർത്തകരും പണിയെടുക്കുന്നു. ഞങ്ങൾ രാജ്യദ്രോഹികളല്ല. ഞങ്ങൾ ഞങ്ങളുടെ രാജ്യത്തെ സ്നേഹിക്കുന്നു. വളരെ വ്യത്യസ്തമായൊരു വികസനത്തെക്കുറിച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്.



റൈറ്റ് ടു ഡിസന്റ് പരിപാടിയിൽ എസ്.പി. ഉദയകുമാർ സംസാരിക്കുന്നു

യ്ക്കായ് ഖനനം ചെയ്യാൻ പദ്ധതിയിടുന്നു. ഗെയ്ൽ പദ്ധതി വരുന്നു. കാർഷികമേഖലയിൽ ഊന്നൽ നൽകുന്നതിന് പകരം, ഭക്ഷ്യസുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിന് പകരം നമ്മുടെ പ്രകൃതി വിഭവങ്ങൾ കുഴിച്ചെടുത്ത് കടന്നുകളയാൻ കോർപ്പറേറ്റുകൾക്ക് അവസരമുണ്ടാക്കിക്കൊടുക്കുകയാണ് ഭരണകൂടം ചെയ്യുന്നത്. ഇതിനെയാണ് നാം ചോദ്യം ചെയ്യുന്നത്. എന്താണ് നിങ്ങളുടെ മുൻഗണന? എന്താണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്? ജനങ്ങൾക്കുള്ള ഭക്ഷണമോ കോർപ്പറേറ്റുകളുടെ ലാഭമോ? ഈയൊരു ലളിത ചോദ്യങ്ങളാണ് നമ്മൾ ചോദിച്ചുകൊണ്ടിരിക്കുന്നത്.

നാം വികസന വിരുദ്ധരല്ല. സ്ഥായിയായ വികസനത്തെയാണ് നാം ആഗ്രഹിക്കുന്നത്. നാടിന് ചേർന്ന സാങ്കേതിവിദ്യയിലൂടെ നമ്മുടെ കുട്ടികൾക്കും അവരുടെ കുട്ടികൾക്കും ഇവിടെ ജീവിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. നമ്മുടെ പ്രകൃതിയെ സംരക്ഷിച്ചു നിർത്തേണ്ടതുണ്ട്.

ഞാനൊരു ശുഭാപ്തിവിശ്വാസക്കാരനല്ല. കാരണം എനിക്കു ചുറ്റും സംഭവിക്കുന്ന കാര്യങ്ങൾ എന്നെ ശുഭവിശ്വാസിയായിരിക്കാൻ അനുവദിക്കുന്നില്ല. ഞാനൊരു അശുഭവിശ്വാസിയുമല്ല. കാരണം അശുഭവിശ്വാസം എന്നെ പ്രവർത്തിക്കാൻ അനുവദിക്കുകയില്ല. സാധ്യതകളെ മുന്നിൽ കാണുന്ന ഒരാളാണ് ഞാൻ. ഇന്നിന്റെ സാധ്യതകളെ ഞാൻ ഉപയോഗപ്പെടുത്തുന്നു. എനിക്ക് ചെയ്യാൻ കഴിയുന്ന പരമാവധി ഞാൻ ചെയ്യും. നന്ദി. ■

ആദിവാസികൾക്കും കച്ചവടക്കാർക്കും പ്രശ്നങ്ങളെന്താണെന്ന് അറിയാം. ഇവരൊക്കെയും വിഡ്ഢികളാണെന്ന്, ചിന്താശേഷിയില്ലാത്തവരാണെന്ന് ധരിച്ചുവെച്ചിരിക്കുന്നത് ഭരണത്തിലുള്ളവരാണ്.

7500 കിലോമീറ്റർ വരുന്ന ഇന്ത്യയുടെ സമുദ്രതീരത്തെ കോർപ്പറേറ്റുകൾക്ക് പതിച്ചുകൊടുക്കാനുള്ള പദ്ധതി അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. സാഗർമാല എന്ന പേരിൽ. തീരപ്രദേശത്തെ മുഴുവൻ ജനങ്ങളെയും ഗുരുതരമായി ബാധിക്കാൻ പോന്നതാണ് ഈ പദ്ധതി. പ്രാദേശിക ജനതയെ പരിഗണിച്ചുകൊണ്ടുള്ള വികസനമല്ലിത്. നമ്മുടെ ഭക്ഷ്യസുരക്ഷയെയോ പോഷകാഹാര സുരക്ഷയെയോ കണക്കിലെടുത്തുകൊണ്ടുള്ള വികസനമല്ലിത്. ഇത് കോർപ്പറേറ്റുകളുടെ താൽപര്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ളതാണ്. പണം മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ആഗോളവൽക്കരണം എന്നാൽ പാശ്ചാത്യവൽക്കരണമാണ്. പാശ്ചാത്യവൽക്കരണമെന്നാൽ അമേരിക്കൻവൽക്കരണവും. അമേരിക്കൻവൽക്കരണം എന്നതിനർത്ഥം സാമ്പത്തിക നേട്ടം എന്നത് മാത്രമാണ്. എല്ലാം സാമ്പത്തിക ലാഭത്തെ ലക്ഷ്യം വെച്ചുള്ളതാണ്. അമ്മയുടെ സ്നേഹം പോലും. ഇതിനെയാണ് നാം ചോദ്യം ചെയ്യുന്നത്.

കേരള-തമിഴ്നാട് അതിർത്തിയിൽ ന്യൂട്രിനോ പദ്ധതി ആരംഭിക്കുന്നു. കാവേരി തടത്തിൽ ഹൈഡ്രോകാർബൺ പദ്ധതി വരുന്നു. തമിഴ്നാട്ടിലെ ഏഴോളം ജില്ലകളിൽ കൽക്കരി, മീഥൈൻ, പെട്രോളിയം എന്നിവ

## പ്ലാച്ചിമട സമരനാൾ വഴികൾ ഇംഗ്ലീഷ് ഡിജിറ്റൽ പതിപ്പ്

കേരളീയം തയ്യാറാക്കിയ പ്ലാച്ചിമട സമരനാൾവഴികളുടെ ഇംഗ്ലീഷ് ഡിജിറ്റൽ പതിപ്പ് പ്രകാശനം ചെയ്തു. റൈറ്റ് ടു ഡിസന്റ് ചടങ്ങിൽ വച്ച് പരഞ്ജോയ് ഗുഹാ താക്കുർത്തയാണ് പ്രകാശനം നിർവഹിച്ചത്. കേരളീയം വെബ്സൈറ്റ് വഴി ലഭ്യമാകുന്ന ഡിജിറ്റൽ പതിപ്പിലൂടെ നാൾവഴികളിൽ പറയുന്ന വിവരങ്ങളുടെ അനുബന്ധ രേഖകളും ഡൗൺലോഡ് ചെയ്യാം.

**www.keraleeyammasika.com**